പ്രിയനാട്ടിലേയ്ക്കുള്ള യാത്ര

പ്രിയനെ തേടിയെൻ യാത്ര

ഒരു നാളും പിരിയാതെ കൊതി തീരുവോളം

ഒന്നായ് വാഴുവാനാശ ഒന്നായ് വാഴുവാനാശ പ്രിയ...

ഈ ദുഃഖസാഗരം എത്ര നാളായ് ഞാൻ

താണ്ടുന്നു തളരുന്നു തിരയിൽ

ഇനിയെത്ര ദൂരം മുന്നോട്ടു നീങ്ങണം

ആ സ്നേഹ തീരം പുൽകാൻ

ആ സ്നേഹ തീരം പുൽകാൻ പ്രിയ...

ആശാ കിരണം പോൽ നീ പകർന്നേകിയ

വിശ്വാസ ദീപം തെളിച്ചും

നിൻ നാമ മന്ത്രം ജപിച്ചും നീങ്ങുന്നു

നിൻ നാട്ടിലെത്തീടുവോളം

നിൻ നാട്ടിലെത്തീടുവോളം പ്രിയ...

priyanaattileykkulla yaathra

priyane thediyen yaathra

oru naalum piriyaathe kothi theeruvolam

onnaayi vaazhuvaanaasha onnaayi vaazhuvaanaasha priya....

ee duakhasaagaram ethra naalayi njaan

thaandunnu thalarunnu thirayil -2

iniyethra dooram munnottu neenganam

aa sneha theeram pulkaan -2

aa sneha theeram pul̽kaan̽ priya….

aashaa kiranam pol̽ nee pakar̽nnekiya

vishvaasa deepam thelicchum –2

nin̽ naama manthram japicchum neengunnu

nin̽ naattilettheeduvolam –2

nin̽ naattilettheeduvolam priya….